# Siraj

# 25 July 2018

# Paravoor, Flood, Football Tournament

## വിദ്യാർഥികളുടെ ഫുട്ബോൾ ടൂർണമെന്റ് സ്കൂൾ ഗ്രൗണ്ടിലെ വെള്ളക്കെട്ടിൽ

പറവൂർ: പറവൂർ ഉപജില്ല സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റ് ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഗ്രൗണ്ടിൽ ആരംഭിച്ചു. കുണ്ടും കുഴിയുമായി പുല്ല് പിടിച്ചു കിടക്കുന്ന ഗ്രൗണ്ടിൽ കനത്ത മഴയിൽ വെള്ളം കെട്ടിക്കിടക്കുകയാണ്. ഈ ഗ്രൗണ്ടിലാണ് ഉപജില്ലയിലെ സബ് ജൂനിയർ വിഭാഗത്തിന്റെ മത്സരം നടത്തിയത്. ജൂനിയർ വിഭാഗത്തിന്റെ മത്സരം നടക്കാനിരിക്കുന്നതേയുള്ളു.

സബ്ജൂനിയർ വിഭാഗത്തിൽ ആദ്യം മത്സരത്തിനിറങ്ങിയത് കൈതാരം, ഗോതുരുത്ത് സ്കൂളുകളിലെ വിദ്യാർഥികളായിരുന്നു. വെള്ളത്തിൽ പന്തുമായി മുന്നോട്ടു പോകാൻ കുട്ടികൾ പാടുപെട്ടു. ബോൾ അടിക്കുമ്പോൾ വെള്ളമാണ് തെറിക്കുക. പലരും അടിക്കുമ്പോൾ അടിതെറ്റി വെള്ളത്തിൽ വീഴുകയും ചെയ്തു. ഇടക്ക് മഴയും പെയ്യുന്നുണ്ടായിരുന്നു. വിദ്യാർഥികളുടെ അസൗകര്യം കണക്കിലെടുക്കാതെ മഴ സമയത്ത് ഗ്രൗണ്ടിൽ വെള്ളം കെട്ടിക്കിടക്കുന്ന സമയത്ത് ടൂർണമെന്റ് നടത്തിയതിൽ വിമർശനമുയർന്നിട്ടുണ്ട്.

മത്സരം നഗരസഭാ ചെയർമാൻ രമേഷ് ഡി കുറുപ്പ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഡെന്നി തോമസ് അധ്യക്ഷത വഹിച്ചു. എ ഇ ഒ കെ എൻ ലത, പ്രധാനാധ്യാപിക ഒ എസ് സൈന, പി ടി എ പ്രസിഡന്റ് സുധീർ കുമാർ ജോണി തൈക്കൂട്ടത്തിൽ,

രഞ്ജിത്ത് മാത്യു, ടി ആർ ബ
ന്നി എന്നിവർ പ്രസംഗിച്ചു. ഇ
ന്ത്യൻ വ്യോമസേനയുടെ പിത
വ് എന്ന് വിളിക്കുന്ന എയർ ച
ഫ് മാഷൽ സുബ്രതോ മുഖർജ
യുടെ സ്മരണാർഥം സ്കൂൾ ക
ട്ടികൾക്കായി ദേശീയ അടിസ്ഥ
നത്തിൽ 1960 മുതൽ നടത്തി
രുന്ന ടൂർണമെന്റാണിത്. ഉപജ
ല്ലാ തലത്തിൽ മത്സരിച്ച് വിജയ
ച്ച് ദേശീയ തലത്തിൽ വരെ
ത്താനാകുമെന്ന പ്രത്യേകതയ
ണ്ട്.



പറവൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലെ വെള്ളക്കെട്ടിൽ നടത്തിയ ഉപജില്ലാ സബ്ജൂനിയർ ഫുട്ബോൾ ടൂർണമെന്റ്